LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള നടപടി

205(511) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽ നിന്നും ചലച്ചിത്രവികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് അറുപത് സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽനിന്നും ചലച്ചിത്ര വികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് റി.സ 17/2 ബി-യിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 60 സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ 30-12-2017-ൽ ലഭിച്ചിരുന്നു. പ്രസ്തുത ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാനും കമ്പോളവില ഈടാക്കികൊണ്ട് എൻ.ഒ.സി. പുറപ്പെടുവിക്കുവാനും പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനെ തുടർന്ന് ടി ഭൂമിക്ക് ഒരു ആറിന് 45,045 രൂപ വില നിശ്ചയിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ്

206(512) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീകൃഷ്ണപുരം ബ്ലോക്കിൽ നിലവിൽ ഭൂജല വകുപ്പിന് 4 നിരീക്ഷണ കിണറുകളാണുള്ളത്. ടി കിണറുകളിലെ 2021 ഏപ്രിൽ മാസത്തെ ജലവിതാനം കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലവിതാനവുമായി താരതമ്യപഠനം നടത്തിയതിൽ നിന്നും വെള്ളിനേഴിയിലുള്ള (കുഴൽകിണർ) നിരീക്ഷണ കിണറിൽ 1.295 മീറ്ററും കരിമ്പുഴയിൽ (കുഴൽകിണർ) 0.219 മീറ്ററും ശ്രീകൃഷ്ണപുരത്ത് (കുഴൽകിണർ) 0.925 മീറ്ററും ശ്രീകൃഷ്ണപുരം (തുറന്ന കിണർ) 0.571 മീറ്ററും ജലവിതാനം കുറഞ്ഞതായി മനസ്സിലാക്കുന്നു.

(ബി) ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് സംരക്ഷിക്കുന്നതിനായി കുളങ്ങൾ പോലുള്ള വിവിധ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കാനും അവ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരം നടപടികൾ സ്വീകരിക്കാൻ ആവശ്യമായ പദ്ധതി രൂപീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) നിലവിലുണ്ട്. ഭൂജല വിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ റീചാർജ്ജ്, റീചാർജ്ജ് പിറ്റ്, ബോർവെൽ റീചാർജ്ജ്, ചെറിയ ചെക്ക്ഡാമുകൾ എന്നിവ ഭൂജല വകുപ്പിന്റെ "ഭൂജലസംരക്ഷണവും സംപോഷണവും" പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പാക്കി വരുന്നുണ്ട്.

ജലശുദ്ധീകരണ ശാലകൾ

207(513) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലശുദ്ധീകരണ ശാലകൾ ഇല്ലാത്ത ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ജലശുദ്ധീകരണ ശാലകൾ ഇല്ലാത്ത ഗ്രാമീണ മേഖലകളിൽ പ്രധാനമായും നദീജലത്തെയും ഭാഗികമായി കിണറുകൾ, കുഴൽ കിണറുകൾ എന്നിവയെയാണ് സ്രോതസ്സുകളായി ആശ്രയിക്കുന്നത്. നദീജലം സ്രോതസ്സായി ഉപയോഗിക്കുമ്പോൾ ശുദ്ധീകരണത്തിന്റെ ഭാഗമായി ജലത്തെ ഒരു ഇൻഫിൽട്രേഷൻ ഗാലറി (മണൽ, ചരൽ, കൂടുതൽ വ്യാസമുള്ള കല്ലുകൾ എന്നിവ നിറച്ച ഉദ്ദേശം 3m ആഴമുള്ള ഫിൽറ്റർ സംവിധാനം) വഴി കിണറിലേക്ക് എത്തിച്ച് ബ്ലീച്ചിങ് പൗഡർ/ക്ലോറിൻ ഉപയോഗിച്ച് അണുനശീകരണം നടത്തി ഉപയോഗപ്രദമാക്കുന്നു. ഭൂജലം ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ജലം ബ്ലീച്ചിംഗ് പൗഡർ/ക്ലോറിൻ ഉപയോഗിച്ച് അണുനശീകരണം നടത്തി വിതരണം ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ വിശദമായ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ വിതരണ ശൃംഖലകളിൽ നിന്നും നിശ്ചിത കാലയളവിൽ ജല സാമ്പിളുകൾ ശേഖരിച്ച പരിശോധിക്കുകയും വേണ്ടുന്ന തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഗ്രാമീണ മേഖലകളിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതികൾ, ജലശുദ്ധീകരണ ശാലകൾ അടക്കം വിഭാവനം ചെയ്താണ് നടപ്പിലാക്കുന്നത്. ഇതോടൊപ്പം ജല ജീവൻ മിഷൻ

LIBRARY ARCHIVES Kerala Legislative Assembly